# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1890 — 08.03.2018-ൽ മറുപടിയ്ക്ക്

## കാരുണ്യ ബെനവലെന്റ് പദ്ധതിയിൽ അനുവദിച്ച തുക

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 ഫെബ്രുവരി 20 വരെ കാരുണ്യ ബെനവലെന്റ് പദ്ധതിയിൽ നിന്ന് എത്ര തുക അനുവദിച്ചു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 ഫെബ്രുവരി 20 വരെ അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം–1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ഈ തുക അനുവദിച്ചത് ഏതെല്ലാം തരത്തിലുള്ള രോഗബാധിതർക്കാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഹൃദയം, കരൾ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയകൾ, ക്യാൻസർ, ഹൃദ്രോഗം, ശ്വാസകോശം സംബന്ധിച്ച മാരകമായ അസുഖങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വന്ന ഗുരുതരക്ഷതങ്ങൾ, വൃക്കരോഗം, ഹീമോഫീലിയ രോഗം എന്നിവയ്ക്കാണ് അനുവദിച്ചിട്ടുള്ളത്. |
| (സി) | കിട്ടിയ അപേക്ഷകളിന്മേൽ എല്ലാം അനുകൂലമായ തീരുമാനമെടുത്ത് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി)<br>&<br>(ഡി) | ചികിത്സാ ധനസഹായത്തിനായി രോഗികൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കെ.ബി.എഫ്. പദ്ധതിയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അപേക്ഷകളിന്മേൽ അനുകൂലമായ തീരുമാനമെടുത്ത് ചികിത്സാനുമതി നൽകിയിട്ടുണ്ട്. ചികിത്സ നടക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിച്ച് വരുന്നു. രോഗിയുടെ വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപയിൽ കൂടുതലായ അപേക്ഷകൾ, രോഗിയോ, രോഗിയുടെ അച്ഛൻ, അമ്മ, മക്കൾ എന്നിവരോ സർക്കാർ ജീവനക്കാരായി വരുന്ന അപേക്ഷകൾ, ശസ്ത്രക്രിയ കഴിഞ്ഞ് 72 മണിക്കൂറിനു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ, പദ്ധതി പ്രകാരമുള്ള പരമാവധി ധനസഹായം രോഗിക്ക് ലഭിച്ചിട്ടുള്ളവ തുടങ്ങിയ കെ.ബി.എഫ്. മാനദണ്ഡങ്ങൾ പാലിക്കാതെ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കാറുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഏതെല്ലാം അപേക്ഷകൾ തള്ളിയിട്ടുണ്ടെന്നും അതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഇ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദ്യത്തെ 21 മാസം കാരുണ്യ ബെനവലെന്റ് പദ്ധതിയിൽ നിന്ന് എത്ര തുക അനുവദിച്ചിരുന്നു എന്ന് ജില്ല തിരിച്ച് വിശദമാക്കാമോ: | (ഇ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാരുണ്യ ബെനവലെന്റ് പദ്ധതി ആരംഭിച്ച 26.02.2012 മുതൽ 21 മാസക്കാലത്തിൽ അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്. |
| (എഫ്) | ഈ തുക അനുവദിച്ചത് ഏതെല്ലാം തരത്തിലുള്ള രോഗബാധിതർക്കായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എഫ്) | ഹൃദയം, കരൾ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയകൾ, ക്യാൻസർ, ഹൃദ്രോഗം. ശ്വാസകോശം സംബന്ധിച്ച അസുഖങ്ങൾ നട്ടെല്ല്. സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വന്ന ഗുരുതരക്ഷതങ്ങൾ, വൃക്കരോഗം, ഹീമോഫീലിയ രോഗം എന്നിവയ്ക്കാണ് അനുവദിച്ചിട്ടുള്ളത്. |
| (ജി) | കഴിഞ്ഞ സർക്കാരിന്റെ ആദ്യത്തെ 21 മാസം കിട്ടിയ അപേക്ഷകളിന്മേൽ എല്ലാം അനുകൂലമായ തീരുമാനമെടുത്ത് ഫണ്ട് അനുവദിച്ചിരുന്നോ എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ ഏതെല്ലാം അപേക്ഷകൾ തള്ളിയിരുന്നുവെന്നും അതിനുള്ള കാരണങ്ങൾ എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ? | (ജി) | ഇല്ല. കെ.ബി.എഫ് മാനദണ്ഡങ്ങൾ പാലിയ്ക്കാതെ സമർപ്പിച്ചിരുന്ന അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| KARUNYA BENEVOLENT FUND | | | |
|---|---|---|---|
| Details of Applications and amount sanctioned by the present Govt upto Feb 20,2018 | | | |
| Sl No | Dist | No | Amt (Cr) |
| 1 | TRIVANDRUM | 5411 | 69.52 |
| 2 | KOLLAM | 4505 | 63.62 |
| 3 | PATHANAMTHITTA | 2321 | 30 |
| 4 | ALAPPUZHA | 4994 | 56.41 |
| 5 | KOTTAYAM | 4537 | 51.78 |
| 6 | IDUKKI | 1865 | 23.22 |
| 7 | ERNAKULAM | 3533 | 34.09 |
| 8 | THRISSUR | 2250 | 16.57 |
| 9 | PALAKKAD | 4477 | 43.96 |
| 10 | MALAPPURAM | 4303 | 27.31 |
| 11 | KOZHIKKODE | 4781 | 59.76 |
| 12 | WAYANAD | 1219 | 13.31 |
| 13 | KANNUR | 5844 | 62.71 |
| 14 | KASARAGODE | 2335 | 26.53 |
| | | **52375** | **578.79** |

അനുബന്ധം - 2

# KARUNYA BENEVOLENT FUND

DISTRICT WISE DETAILS OF APPLICATIONS AND AMOUNT SANCTIONED FROM 26.02.2012 TO 30.11.2013

| Sl. No | DISTRICT | TOTAL | |
|---|---|---|---|
| | | No | Amt (Cr) |
| 1 | TRIVANDRUM | 2754 | 31.05 |
| 2 | KOLLAM | 2000 | 22.02 |
| 3 | PATHANAMTHITTA | 1129 | 10.5 |
| 4 | ALAPPUZHA | 1351 | 13.28 |
| 5 | KOTTAYAM | 1824 | 17.57 |
| 6 | IDUKKI | 852 | 8.76 |
| 7 | ERNAKULAM | 1527 | 14.41 |
| 8 | THRISSUR | 1506 | 12.35 |
| 9 | PALAKKAD | 1986 | 15.51 |
| 10 | MALAPPURAM | 2370 | 23.34 |
| 11 | KOZHIKKODE | 2028 | 23.38 |
| 12 | WAYANAD | 548 | 5.57 |
| 13 | KANNUR | 4102 | 49.07 |
| 14 | KASARAGOD | 1145 | 13.02 |
| | Total | **25122** | **259.83** |